# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.266 — 23.01.2018 ൽ മറുപടിക്ക്

## റാന്നി താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

| ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റാന്നി താലൂക്കാശുപത്രിയിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ)<br>&<br>(ബി) | റാന്നി താലൂക്ക് ആശുപത്രിയിൽ ഓരോ വിഭാഗത്തിലും ഉള്ള തസ്തികകളുടെ എണ്ണവും അതിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. |
| (ബി) | ഓരോ വിഭാഗത്തിലും ഇപ്പോൾ എത്ര പേർ വീതം ജോലിചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | | |
| (സി) | മലയോര മേഖലയിലെ ഏക ചികിത്സാ കേന്ദ്രമായ റാന്നി താലൂക്കാശുപത്രിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കൺസൾട്ടന്റ് ഗൈനക്കോളജി, അനസ്തേഷ്യ വിഭാഗങ്ങളിൽ ഒഴിവുകൾ പ്രൊമോഷൻ മുഖേനയാണ് നികത്തപ്പെടേണ്ടത്. ആയതിനുള്ള വകുപ്പുതല ഉദ്യോഗകയറ്റ കമ്മിറ്റികൾ കൂടുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.<br><br>ആർ.എം.ഒ. തസ്തികയിലെ ഒരൊഴിവും, സി.എം.ഒ. തസ്തികയിലെ രണ്ട് ഒഴിവുകളും ചേർത്ത് ഡിപ്പാർട്ട്മെന്റിലെ മുഴുവൻ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്മേൽ അഡ്വൈസ് ലഭിച്ചാലുടൻ നിയമന നടപടികൾ പൂർത്തീകരിക്കുന്നതാണ്.<br><br>സ്റ്റാഫ് നഴ്സ് ഗ്രേഡ്.2, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും സ്ഥാനകയറ്റം മുഖേന നികത്തേണ്ട പ്രസ്തുത ഒഴിവുകളിൽ നിയമനം നൽകുന്നതിനായി സ്ഥാന കയറ്റത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിൽ ജോലി ചെയ്യുന്നവർ |
|---|---|---|---|
| 1 | സൂപ്രണ്ട്/അസിസ്റ്റന്റ് ഡയറക്ടർ | 1 | 1 |
| 2 | ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 2 | 2 |
| 3 | ജൂനിയർ കൺസൾട്ടന്റ് സർജറി | 1 | 1 |
| 4 | കൺസൾട്ടന്റ് ഗൈനക്കോളജി | 1 | ഇല്ല |
| 5 | ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി | 1 | 1 |
| 6 | ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് | 1 | 1 |
| 7 | കൺസൾട്ടന്റ് ഓർത്തോപീഡിക്സ് | 1 | 1 |
| 8 | ജൂനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക്സ് | 1 | 1 |
| 9 | കൺസൾട്ടന്റ് അനസ്തേഷ്യ | 1 | ഇല്ല |
| 10 | ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ | 1 | 1 |
| 11 | ജൂനിയർ കൺസൾട്ടന്റ് ഇ.എൻ.ടി | 1 | 1 |
| 12 | ആർ.എം.ഒ (അസിസ്റ്റന്റ് സർജൻ) | 1 | ഇല്ല |
| 13 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 14 | 9 (2 unauthorized absence) |
| 14 | ദന്തൽ അസിസ്റ്റന്റ് സർജൻ | 1 | 1 |
| 15 | ലേ സെക്രട്ടറി & ട്രഷറർ | 1 | 1 |
| 16 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 | 1 |
| 17 | ഹെഡ് നഴ്സ് | 5 | 5 |
| 18 | ഫാർമസിസ്റ്റ് | ~~3~~ 2 | 1 |
| 19 | സ്റ്റാഫ് നഴ്സ് ഗ്രേഡ്-I | 5 | 5 |
| 20 | സ്റ്റാഫ് നഴ്സ് ഗ്രേഡ്-II | 11 | 8 |
| 21 | ഒഫ്താൽമിക് അസിസ്റ്റന്റ് | 1 | 1 |
| 22 | റേഡിയോഗ്രാഫർ | 1 | 1 |
| 23 | ലാബ് ടെക്നീഷ്യൻ | 3 | 2 |
| 24 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 2 | 2 |
| 25 | യു.ഡി ടൈപ്പിസ്റ്റ് | 1 | 1 |
| 26 | ഡ്രൈവർ | 1 | 1 |
| 27 | നഴ്സിംഗ് അസിസ്റ്റന്റ് | 4 | 4 |
| 28 | ആശുപത്രി അറ്റൻഡർ ഗ്രേഡ്-I | 1 | 1 |
| 29 | ആശുപത്രി അറ്റൻഡർ ഗ്രേഡ്-II | 7 | 5 |
| 30 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 31 | ഡെന്റൽ മെക്കാനിക് | 1 | ഇല്ല |
| 32 | പാർട്ട്ടൈം സ്വീപ്പർ | 1 | 1 |

മെഡിക്കൽ ഓഫീസർ